## വഴിവെളിച്ചം

# അടയുന്ന സ്വർഗ കവാടങ്ങൾ

عن الحسن رضي الله عنه قال: قَالَ رَسُول الله ﷺ : إِنَّ الْمُسْتَهْزِئِينَ بِالنَّاسِ يُفْتَحُ لِأَحَدِهِمْ فِي الآخِرَةِ بَابٌ مِنَ الْجَنَّةِ، فَيُقَالُ لَهُ : هَلُمَّ، هَلُمَّ، فَيَجِيءُ بِكَرْبِهِ وَغَمِّهِ. فَإِذَا جَاءَهُ أُغْلِقَ دُونَهُ. ثُمَّ يُفْتَحُ لَهُ بَابٌ آخَرُ، فَيُقَالُ لَهُ: هَلُمَّ، هَلُمَّ، فَيَجِيءُ بِكَرْبِهِ وَغَمِّهِ. فَإِذَا جَاءَهُ أُغْلِقَ دُونَهُ. فَمَا يَزَالُ كَذَلِكَ حَتَى إِنَّ أَحَدَهُمْ لَيُفْتَحُ لَهُ الْبَابُ مِنْ أَبْوَابِ الْجَنَّةِ. فَيُقَالُ لَهُ: هَلُمَّ، فَمَا يَأْتِيهِ مِنَ الإِيَاسِ (البيهقي)

**ഹസനി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: 'പരലോകത്ത് പരിഹാസികൾക്കായി സ്വർഗത്തിലേക്ക് ഒരു കവാടം തുറക്കപ്പെടും. അവരിൽ ഒരുത്തനോട് പറയപ്പെടും: 'ഇതാ ഇങ്ങോട്ട് വരൂ, സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളൂ!' അപ്പോൾ, ഏറെ പ്രയാസപ്പെട്ടും വിഷമം സഹിച്ചും അവൻ അവിടേക്ക് ചെല്ലും. അവിടെയെത്തുമ്പോഴേക്കും ആ വാതിൽ അവന്റെ നേരെ അടക്കപ്പെടും. പിന്നീട് മറ്റൊരു വാതിൽ തുറക്കപ്പെടും. അവിടെനിന്ന് ഇപ്രകാരം വിളിയാളമുണ്ടാവും: 'ഇങ്ങോട്ടു വരൂ, ഇങ്ങോട്ടു വരൂ!' പ്രയാസവും വിഷമവും സഹിച്ച് അവൻ അവിടേക്ക് ചെല്ലും. അവിടെയെത്തുമ്പോഴേക്ക് ആ കവാടവും അടക്കപ്പെടും. ഇതിങ്ങനെ തുടർന്നുകൊണ്ടിരിക്കും. എത്രത്തോളമെന്നാൽ, സ്വർഗവാതിൽ തുറന്നു വെച്ച് 'ഇങ്ങോട്ടു വരൂ' എന്ന് വിളിച്ചുപറഞ്ഞാൽ നിരാശ കാരണം അതിനടുത്തേക്ക് ചെല്ലാതായിത്തീരും!' ***

**പരസ്പര** ബന്ധങ്ങൾ ശിഥിലമാക്കുകയും സാമൂഹിക ജീവിതം താറുമാറാക്കുകയും ചെയ്യുന്ന ദുസ്സ്വഭാവമാണ് പരിഹാസം. ആളുകളെ തന്നേക്കാൾ നിസ്സാരരായി കണ്ട്, അവരുടെ കുറ്റങ്ങളും കുറവുകളും എടുത്തു കാട്ടി ജനമധ്യത്തിൽ അവഹേളിക്കലാണ് പരിഹാസം. പരിഹസിക്കുന്നത് നാവുകൊണ്ട് മാത്രമാവണമെന്നില്ല. കൊഞ്ഞനം കാണിക്കുക, ദുസ്സൂചനയുള്ള ആംഗ്യം കാണിക്കുക, മറ്റുള്ളവരുടെ സംസാരമോ വേഷമോ പ്രവൃത്തിയോ രൂപമോ ചിരിപ്പിക്കുന്നതിനുവേണ്ടി അനുകരിക്കുക ഇതെല്ലാം പരിഹാസത്തിന്റെ വകഭേദങ്ങളാണ്. ഈ ദുശ്ശീലങ്ങളെയെല്ലാം ഇസ്‌ലാം ഗൗരവത്തോടെ കാണുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളേ, നിങ്ങളിൽ ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ പരിഹസിക്കരുത്. എന്തെന്നാൽ പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ ശ്രേഷ്ഠരായെന്നു വരാം. സ്ത്രീകൾ മറ്റു സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളേക്കാൾ ശ്രേഷ്ഠകളായെന്നു വരാം. നിങ്ങൾ പരസ്പരം അവഹേളിക്കാതിരിക്കുക. ദുഷ്‌പേരുകൾ വിളിക്കുകയുമരുത്. വിശ്വാസം കൈക്കൊണ്ട ശേഷം വഷളായ പേര് വിളിക്കുകയെന്നത് എന്തുമാത്രം നീചമാണ്! ഇത്തരം ചെയ്തികളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങാത്തവരാരോ, അവർ തന്നെയാണ് അക്രമികൾ' (49:11).

ഓരോരുത്തർക്കും അവരവരുടെ വ്യക്തിത്വവും അന്തസ്സുമുണ്ട്. അതിൽ കൈയേറ്റം നടത്താൻ ഒരാൾക്കും അധികാരമില്ല. കുറ്റവാളികൾക്കുപോലും ഇസ്‌ലാം ഈ അവകാശം വകവെച്ചുകൊടുത്തിട്ടുണ്ട്. അതുകൊണ്ടാണ് തെറ്റിന്റെ പേരിലായാൽപോലും ഒരാളെയും പരിഹസിക്കരുതെന്ന് പ്രവാചകൻ(സ) പഠിപ്പിക്കുന്നത്. 'തെറ്റു ചെയ്തതിന്റെ പേരിൽ ഒരാൾ തന്റെ സഹോദരനെ അവഹേളിച്ചാൽ, ആ തെറ്റ് അയാളും ചെയ്തിട്ടല്ലാതെ അല്ലാഹു അയാളെ മരിപ്പിക്കുകയില്ല' (തിർമുദി).

പരിഹസിക്കുന്നവന് അന്യരുടെ അഭിമാനത്തിന് എന്ത് സംഭവിക്കുന്നു എന്ന ചിന്ത ഉണ്ടാവില്ല. തന്റെ വാക്കാലും ആംഗ്യത്താലും ആരെയും അയാൾ കളിയാക്കും. ഖുർആൻ ഇത്തരക്കാരെ താക്കീത് ചെയ്യുന്നു: 'ഒളിഞ്ഞും തെളിഞ്ഞും ആളുകളെ അവഹേളിക്കുകയും കുത്തുവാക്ക് പറയുകയും ചെയ്യുന്നവർക്ക് നാശം! അവർ ധനം ശേഖരിക്കുകയും എണ്ണിയെണ്ണി സൂക്ഷിക്കുകയും ചെയ്യുന്നു. തന്റെ സമ്പത്ത് എന്നുമെന്നും തന്റെ കൂടെയുണ്ടാവും എന്നാണവന്റെ വിചാരം. ഒരിക്കലുമില്ല; അവൻ ഇടിച്ചുടക്കപ്പെടുന്നിടത്തേക്ക് വലിച്ചെറിയപ്പെടുകതന്നെ ചെയ്യും' (104: 1-4).

ഒരിക്കൽ പ്രവാചക പത്നി ആഇശ(റ), പ്രവാചകന്റെ മറ്റൊരു പത്നിയായ സ്വഫിയ്യ(റ)യെ കുറിച്ച് 'പ്രവാചകരേ, അവൾ ഇന്നയിന്ന ന്യൂനതകളുള്ളവളും ശരീരം കുറിയവളുമാണല്ലോ' എന്ന് ആക്ഷേപസ്വരത്തിൽ പറയാനിട വന്നു. ഇതുകേട്ട പ്രവാചകൻ പറഞ്ഞു: 'ആഇശാ, നീ പറഞ്ഞ വാക്കുകൾ ഒരു സമുദ്രത്തിലാണ് വീണിരുന്നതെങ്കിൽ അതിലെ വെള്ളം മുഴുവൻ അത് കലക്കി കളയുമായിരുന്നു!' (അബൂദാവൂദ്, തിർമുദി).

പരിഹാസത്തിന്റെ യഥാർഥ ഉറവിടം ഗർവും അഹന്തയുമാണ്. മറ്റുള്ളവരേക്കാൾ താനാണ് ഉന്നതനെന്ന അഹംബോധത്തിൽനിന്നാണ് പരിഹാസമുണ്ടാകുന്നത്. ഇത് വലിയ ധാർമിക ദൂഷ്യമാണെന്ന് പറയേണ്ടതില്ല. നബി(സ) പറഞ്ഞു: 'അണുമണിത്തൂക്കം അഹങ്കാരം ഹൃദയത്തിലുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല' (മുസ്‌ലിം).

മറ്റുള്ളവരെ ചിരിപ്പിക്കാനും സന്തോഷിപ്പിക്കാനും വേണ്ടിയായിരിക്കും ചിലപ്പോൾ അന്യരെ പരിഹസിക്കുക. ഇത്തരം സദസ്സുകളിൽ പരിഹസിക്കപ്പെടുന്ന വ്യക്തിയുടെ ന്യൂനതകൾ പൊടിപ്പും തൊങ്ങലും വെച്ച് അവതരിപ്പിക്കപ്പെടും. ആദ്യമൊക്കെ വെറുമൊരു രസത്തിനുവേണ്ടി തുടങ്ങുന്ന ഈ ഏർപ്പാട് പതിയെപ്പതിയെ ഒരു സ്വഭാവചര്യയായി വളരാൻ തുടങ്ങും; പിന്നീട് കണ്ണിൽ കാണുന്നവരെയൊക്കെ പരിഹ

സിക്കും. നബി(സ) പറഞ്ഞു: 'മനുഷ്യൻ ചിലപ്പോൾ അവന്റെ കൂട്ടുകാരെ ചിരിപ്പിക്കാൻ വേണ്ടി ഒരു വാക്ക് പറയും. അതുനിമിത്തം അവൻ നരകലോകത്തിന്റെ അടിത്തട്ടിലെത്തപ്പെടും; ഭൂമിയിൽനിന്നും സുറയ്യാ നക്ഷത്രത്തേക്കാൾ അകലത്തിൽ!' (ഇബ്നു അബിദ്ദുൻയാ).

പരിഹസിക്കുന്നവന് അന്ത്യനാളിൽ സംഭവിക്കുന്ന കടുത്ത അപമാനത്തെയും നാണക്കേടിനെയും ചിത്രീകരിക്കുകയാണ് ആദ്യം ചേർത്ത ഹദീസ്. ഭൗതിക ലോകത്ത് അന്യരെ പരിഹാസ കഥാപാത്രമാക്കി ജീവിച്ചവർ, പാരത്രികലോകത്ത് ദൈവത്താൽ കഠിനമായി പരിഹസിക്കപ്പെടുകയാണ്. പരിഹാസം അല്ലാഹുവിന്റെ ദൃഷ്ടിയിൽ എത്രമാത്രം വെറുക്കപ്പെട്ട കാര്യമാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബൈഹഖി, ഇബ്നു അബിദ്ദുൻയാ എന്നിവർ ഉദ്ധരിച്ച മുർസൽ(താബിഅ് പ്രവാചകനിൽനിന്ന് നേരിട്ട് ഉദ്ധരിക്കുന്നത്) ആയ നബിവചനമാണിത്. ഇതിന്റെ നിവേദക പരമ്പര ഹസൻ ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതന്മാരായ മുഹ്യിദ്ദീൻ ദീബ് മിസ്തു, സമീർ അഹ്മദുൽ അത്താർ, യൂസുഫ് അലി ബുദൈവി എന്നിവർ സാക്ഷ്യപ്പെടുത്തുന്നു.